**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2199** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എ. രാജ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ-പൊതു വിതരണ മേഖലയിലെ പ്രശ്നങ്ങളിന്മേൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഭക്ഷ്യ കമ്മീഷൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | ഭക്ഷ്യ പൊതുവിതരണ മേഖലയിലെ പ്രശ്നങ്ങളിൻമേൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള ഗോത്രവർഗ്ഗ മേഖലകൾ, തീരദേശ മേഖലകൾ എന്നിവിടങ്ങൾ ഉൾപ്പെടെ ദുർബല ജനവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങൾ സംസ്ഥാന ഭക്ഷ്യ കമ്മീഷൻ സന്ദർശിക്കുകയും അവർക്ക് അർഹമായ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ടി സന്ദർശനങ്ങളിൽ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനായി സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കമ്മീഷന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ വിവിധ എഫ്.സി.ഐ ഗോഡൗണുകൾ, എൻ.എഫ്.എസ്.എ ഗോഡൗണുകൾ, റേഷൻ ഡിപ്പോകൾ, അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകൾ, അങ്കണവാടികൾ, പൊതുവിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുകയും ശ്രദ്ധയിൽപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ഗുരുതരമായ വീഴ്ചകൾ കാണുന്ന പക്ഷം സ്വമേധയാ കേസെടുത്ത് തുടർ നടപടികൾ സ്വീകരിക്കുന്നു. കൂടാതെ പരാതി പരിഹാര അദാലത്തുകളും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട സെമിനാറുകളും സംഘടിപ്പിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | ഗോത്രവർഗ്ഗ മേഖലയിലെ തനത് ഭക്ഷണ രീതി വീണ്ടെടുക്കുന്നതും അവരുടെ ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതും ലക്ഷ്യമിട്ട് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് "തനിമ" എന്ന പേരിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. രാജ്യത്തെ വിവിധ ഭക്ഷ്യ കമ്മീഷനുകളെ പങ്കെടുപ്പിച്ചുകൊണ്ട് കുട്ടികളുടെ ഭക്ഷ്യപോഷകാഹാര ഭദ്രത ഉറപ്പുവരുത്തുന്നതിനു കൂടുതൽ ഫലപ്രദമായ സമീപനം രൂപപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് വിവിധ സംസ്ഥാനങ്ങളിലെ ഭക്ഷ്യ കമ്മീഷനുകളുടെ പ്രതിനിധികളെയും ഈ രംഗത്തെ വിദഗ്ധരേയും യൂണിസെഫ് ഉൾപ്പെടെയുള്ള സംഘടനകളുടെ സാരഥികളെയും ഉൾപ്പെടുത്ത ഒരു ദേശീയ സെമിനാർ സംഘടിപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നു വരുന്നു. |
| (ബി) | ഭക്ഷണം ഔദാര്യമല്ല അവകാശമാണ് എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഭക്ഷ്യ കമ്മീഷൻ പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ഗോത്രവർഗ്ഗ ജനതയുടെ ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതിനും ഗോത്രവർഗ്ഗ വനിതകൾക്ക് ബോധവത്കരണം നൽകി അവരെ ശാക്തീകരിക്കുന്നതിനുമായി കമ്മീഷൻ രൂപീകരിച്ച പദ്ധതിയാണ് ഗോത്രവർഗ്ഗ വനിതാ ഭക്ഷ്യ ഭദ്രതാ കൂട്ടായ്മയായ 'ഭാസുര'.<br><br>ഗോത്രവർഗ്ഗ ജനതയെ തങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുക, ഭക്ഷ്യ ഭദ്രതാ ആനുകൂല്യങ്ങൾ കൃത്യമായ ഗുണമേന്മയിലും അളവിലും തൂക്കത്തിലും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അവരെ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി രൂപീകരിച്ച 'ഭാസുര' യൂണിറ്റുകളിൽ അവർക്കിടയിൽ നിന്നുതന്നെ കൺവീനർമാരെ തെരഞ്ഞെടുക്കുകയും അവർക്ക് ബോധവത്ക്കരണം നൽകുകയും, അവർ മുഖേന ഗോത്രവർഗ്ഗ ജനതയുടെ ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുവാൻ ആവശ്യമായ മേൽനോട്ടവും തുടർ പ്രവർത്തനങ്ങളും കമ്മീഷന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. |
| (സി) | ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള അവകാശങ്ങൾ ഗോത്രവർഗ്ഗ വിഭാഗങ്ങൾക്ക് ലഭ്യമാകാൻ പ്രസ്തുത പദ്ധതി എങ്ങനെയെല്ലാം പ്രയോജനപ്രദമാണ്; വിശദാംശം നൽകാമോ? | (സി) | ക്ലോസ് (ബി) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ